

CHMHSS
POOKOLATHUR
അനുയാത്ര
ലിറ്റിൽ കൈറ്റ് 2018-2019

# അനുയാത്ര

**ലിറ്റിൽകൈറ്റ് 2018-2019**

# CHMHSS

## പൂക്കൊളത്തൂർ

## ഈ മാഗസിൻ

"Oh My Lord! Increase me in my Knowledge."


CHM HIGHER SECONDARY SCHOOL

POOKOLATHUR - MALAPPURAM EDUCATIONALDIST
PULPPATTA - MANJERI - KERALA - INDIA
Estd:1976

ചീഫ് എഡിറ്റർ



അജയകുമാർ.പി




കൈറ്റ് മാസ്റ്റർ



സമീർ പത്തനാപുരം

കൈറ്റ് മിസ്ട്രസ്



സമീറ. പി.പി

ലീഡർ



മുഹമ്മദ് അർഷദ്

ഡെ. ലീഡർ



സഫ്‌ല എം.പി

എഡിറ്റർ



അഫീഫ ഷെറിൻ.സി

അനുയാത്ര ലിറ്റിൽ കൈറ്റ് 2018-2019

**എഡിറ്റർ** : അഫീഫ ഷെറിൻ. സി

**സബ് എഡിറ്റർ** : ബിൻസിയ

:ഫസ്ന

:ഫാസിൽ ഫിറോസ്

:മുഹമ്മദ് റിഷാദ്

ലീഡർ :മുഹമ്മദ് അർഷദ്

ഡെ.ലീഡർ :സഫ്ല

## Our Head Master



അജയകുമാർ.പി

## PTA പ്രസിഡന്റ്



**മുഹമ്മദ് ഷാ**



**എഡിറ്റോറിയൽ.....**

**അറിവിന്റെ ആദ്യാക്ഷരങ്ങൾ നുകർന്ന**
**അലിവിന്റെ സ്നേഹാദരങ്ങൾ പകർന്ന**
**അന്ധകാരത്തിൽ നിന്ന് കരകയറ്റിയ**
**മാണിക്ക്യകല്ലുകളാണ് പാഠശാലകൾ**

**കിതപ്പിൽ നിന്ന് കുതിക്കാൻ**
**കുഞ്ഞു പട്ടങ്ങൾ ഉയരുമ്പോൾ**
**കൈത്താങ്ങായി മാറാൻ**

**ലിറ്റിൽ കൈറ്റിന്റെ മക്കൾ**
**ഇ മാഗസിനുമായി**
**നിങ്ങളിലേക്ക്**


**അനുയാത്ര.....**





| | |
|---|---|
| രണ്ടു കുഞ്ഞു കഥകൾ | 9 |
| **Little KITEs Members** | **10** |
| വൃക്ഷവിലാപം | 11 |
| **Wonder of Nature** | **12** |
| **Meaning of Success** | **13** |
| മണ്ണ് | 14 |
| ഹൃദയാനന്ദം | 15 |
| **Spelling Game** | **16** |
| **One's Happyness** | **17** |
| ചൂട് | 18 |
| ജീവിതം ഒരു....... | 19 |
| **The falling thoughts** | **20** |
| **TRY THIS TONGUE TANGLERS OUT** | **21** |
| **The Green Trees** | **22** |
| ഒളിപ്പിച്ച കണ്ണുനീർ | 23 |
| **The golden words** | **24** |
| കണ്ണീർ തോരാതെ | 25 |
| **THE FIRST DAY OF SCHOOL** | **26** |
| അമ്മ | 27 |
| വരകൾ | 28 |

# Our Manager




ഒ.പി. കുഞ്ഞാപ്പുഹാജി

കഥ

# രണ്ട് കുഞ്ഞു കഥകൾ

കബീർ മാസ്റ്റർ

## ബാർബർ



ബാർബർ ഷോപ്പിലെ കറങ്ങുന്ന കസേരയിലിരുന്ന് കണ്ണാടിയിലൂടെ അയാൾ തന്റെ മുഖത്തേക്ക് നോക്കി. ചെരിച്ചും നിവർത്തിയും ശിരസ്സിൽ കത്രിക കൊണ്ട് കലാവിസ്മയം തീർക്കുന്ന ബാർബറോട് ഒന്ന് നിവർന്നിരുന്ന് കൊണ്ട് അയാൾ ഉറക്കെ പറഞ്ഞു. "സഹോ, താങ്കളാണ് ലോകത്തിലെ എട്ടാമത്തെ മഹാത്ഭുതം, എത്ര താജ് മഹലുകളെയാണ് ഈ മാന്ത്രിക സ്പർശം കൊണ്ട് അങ്ങ് അനശ്വരമാക്കിയത് !"

## ചോർച്ച

പ്രളയാനന്തരം ദുരിതാശ്വാസ നിധിയിൽ നിന്നും വീട് വെക്കാൻ അയാൾക്ക് സഹായം ലഭിച്ചു. ഒറ്റ മുറിവീടിന്റെ തിണ്ണയിലിരുന്ന് പുതിയ സ്വപ്നങ്ങൾ കാണാനയാൾ പഠിച്ചു കഴിഞ്ഞു. വഴി മാറിയൊഴുകിയ പുഴയും ദിശ തെറ്റി വന്ന കാറ്റും തന്നിലുണ്ടാക്കിയ രൂപപരിണാമങ്ങൾ അയാൾ ചിന്തിച്ചു നോക്കി. മറ്റൊരു ചുഴലിക്കാറ്റിന്റെ മുന്നറിയിപ്പു കേട്ടതോടെ വാതിലടച്ച് പുതപ്പിനുള്ളിൽ ചുരുണ്ടുകൂടി. വീടിനു മുകളിലേക്കെന്തോ വീഴുന്ന ഉഗ്രശബ്ദം കേട്ട് ഞെട്ടിയുണർന്നു.മേൽക്കൂരക്ക് മുകളിൽ ആകാശം അപ്പോഴും ചോർന്നുകൊണ്ടേയിരുന്നു.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]

# CHMHSS POOKOLATHUR LITTLE KITE MEMBERS

| | |
|---|---|
| 1. MUHAMMED NIHAL | 9A |
| 2. BINZIYA.K | 9E |
| 3. RASHINA.M | 9E |
| 4. MUHAMMED RISHAD.K | 9E |
| 5. FASIL FIROZ.P | 9E |
| 6. FASIL FAYAS | 9E |
| 7. MUHAMMED RABEEH.CP | 9E |
| 8. FATHIMA RINSHA.A | 9E |
| 9. MUHAMMED HISHAM.MK | 9E |
| 10. MUHAMMED MISHAL.NK | 9E |
| 11. SADHI E | 9E |
| 12.HILAL.TV | 9E |
| 13. ADIL AHAMMED.K | 9E |
| 14. NEHLAJASMIN.K | 9H |
| 15.FATHIMAFARSANA.PC | 9H |
| 16.RINSHA SHERIN | 9H |
| 17. FASNA NASRI.MP | 9H |
| 18.SAFLA MP | 9H |
| 19. NARJISHA FARVIN.MP | 9H |
| 20.MUHAMMED RIFAD KP | 9H |
| 21. FATHIMA.TK | 9H |
| 22.MUHAMMED ROSHAN.K | 9H |
| 23.RABEEH MUHAMMED NK | 9H |
| 24.HENNA.T | 9I |
| 25.MUHAMMED ARSHAD.PK | 9I |
| 26.MURSHIDA SARIN P | 9I |
| 27.SIFANA JASMI.VP | 9I |
| 28.FATHIMA FIDA.PC | 9J |
| 29.AYISHATHUL NUSRATH.PC | 9J |
| 30.MUHAMMED ANSIF.P | 9J |
| 31.MOHAMMED SHABEER | 9J |
| 32.MUHAMMED ARSHAD.A | 9N |
| 33.HESANA HADEEN.TC | 9O |
| 34.FATHIMA HISANA PK | 9O |
| 35.RINSINA SHERIN MP | 9O |
| 36.AFEEFA SHERIN.C | 9O |
| 37.BISMA.P | 9O |
| 38.SAHLA SIRIN.PC | 9O |
| 39.ABDUL VAHID KP | 9S |
| 40.MUHAMMED FASEEL.K | 9T |

കവിത

ബുസ്താന. പി 10 R

# വൃക്ഷ വിലാപം



ഓ മനുഷ്യാ...........
നിന്റെ വഴിയോരങ്ങളിൽ
നിനക്ക് കുളിരേകാൻ
തണൽ വിരിച്ചതാണോ........
ഞാൻ ചെയ്ത തെറ്റ് ?
അതോ നിനക്ക് പുഷ്പങ്ങളും
ഫലങ്ങളും സമ്മാനിച്ചതോ ?

നിങ്ങൾ പരസ്പരം വെട്ടി
വീഴ്ത്തും പോലെ ആ
കഠാരകൾ കൊണ്ട് നീ
ഞങ്ങളെയും വീഴ്ത്തുന്നു
ഒന്നിനും കഴിയാത്ത ഞങ്ങൾ
നിന്റെ ക്രൂരതക്ക് ഇരയായി
നിന്റെ വരുതിയിൽ വന്നു.
നിന്റെ വംശനാശം
ഓർത്തെങ്കിലും നീ നിന്റെ
ക്രൂരതക്ക് ഇളവ് വരുത്തുക
ഞാനെന്റെ ജീവിതം
ഒന്നാസ്വദിക്കട്ടെ
ഉയരങ്ങളിൽ കുഞ്ഞാറ്റ
കിളികളുടെ രാഗത്തിനൊത്ത്
ആടി രസിക്കട്ടെ.....

POEM

# Wonder Of Nature




**Binziya.K 9 E**

Nature ! Nature ! So Ins hand green
The wonder of wonder anyone has seen
So cool, calm and full of life
makes us forget all our strife.
Think of a forest full of trees,
Fluttering and dancing in breeze,
cut them down and construct towers,
wait for ages to get a shower.
The birds that sour high in the sky,
can we imitate them however hard we try.
Learn to wonder and gape at things
And see the happiness it brings.
We have got such wonderful things,
Do what you can and save a wing.
So that our children in future,
Can see the things we have nurtured.

# Meaning of Success

**Nehla jasmin 9H**



The word success has seven letters and each letter in the word stands for certain quality.

**S stands for Sincerity**
**U stands for urge**
**C stands for courteous**
**C stands for confidence**
**E stands for earnestness**
**S stands for serious**
**S stands for solver**

# മണ്ണ്

ഫാത്തിമ ഫർസാന.പി സി 9 H

**കത്തെഴുതി**
**ഫോൺ ചെയ്തു**
**ഫാക്സ്....... ഈമെയിൽ**
**എന്നിട്ടും നമ്മളെ അവർ തിരിഞ്ഞ് നോക്കിയില്ല**

**നാണിയമ്മ സങ്കടത്തിന്റെ പൂട്ടു തുറന്നു. “ നിനക്ക് മക്കളെ കാണണം അത്രയല്ലേയുള്ളൂ” . ചെത്തികൂർപ്പിച്ച മൂന്നാലു കമ്പും ഒരു മൺവെട്ടിയും ഇത്തിരി ചൂടിയും എടുത്ത് അച്ചുവേട്ടൻ പുറത്തിറങ്ങി. പറമ്പിലേക്ക് വച്ചടിച്ചു.ആർക്കും തിരിച്ച് കൊടുത്തിട്ടില്ലാത്ത ആ മണ്ണിൽ മൺവെട്ടിയാൽ ആഞ്ഞുവെട്ടി. പറമ്പിന്റെ ഒരു മൂലയിൽ കുറ്റി താഴ്ത്തി. കുറ്റിയിൽ കയർ നിറച്ചപ്പോഴേക്കും മുറ്റം നിറഞ്ഞു.**

**മണ്ണിന്റെ അവകാശികൾ..........**
**മക്കൾ.....മക്കളുടെ മക്കൾ**

**നാണിയമ്മയുടെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞു.മൂത്തവനൊച്ച വെച്ചു. "ഞങ്ങൾക്കും കൂടി അവകാശപ്പെട്ട മണ്ണിൽ അച്ഛൻ എന്ത് തോന്ന്യാസാ കാണിക്കുന്നേ ?” ഇളയവൻ ശരി വെച്ചു.അച്ചുവേട്ടൻ നെറ്റിയിലെ വിയർപ്പ് ഒപ്പിയെടുത്ത് നിറഞ്ഞ മനസ്സോടെ ചോദിച്ചു. "നിങ്ങൾക്കൊക്കെ സുഖമാണോ മക്കളേ ?”**

# ഹൃദയാനന്ദം

**നെഹ്‌ല ജാസ്മിൻ കെ 9 H**

എൻ ഹൃദയത്തിൽ ആനന്ദവുമായി നീ
പറന്നുയരുമ്പോൾ
മനസ്സിന്റെ മാതൃകയായ് നീ
അകന്നീടുമ്പോൾ
അകലെയാണെങ്കിലും നിൻ പ്രകാശം
എന്റെ മനസ്സിൽ സ്പന്ദനം
ഏറെ....ഏറെ നീ കുളിരണിയുമ്പോൾ
ശലഭമായ് ഞാൻ പറന്നെത്തും

# S P E L L I N G G A M E

Fathima Farsana PC 9H

1) Remove one letter from the word, then you can cook and eat - PRICE

2) Remove one letter from the word, then you can breath it -HAIR

3) Add one letter to the word,then you can travel by it -RAIN

4) Add one letter to the word,then you can eat it with jam - READ

5) Add one letter to me and I will tell the time -LOCK

Answers:

1) P
2) H
3) T
4) B
5) C

# One's Happiness

Nehla jasmin 9H

Ones smile begins a friendship,
One star can guide a ship at sea,
One vote can change the nation,
One candle wipe out darkness,
One step start each journey,
One word starts each prayer,
One minute anger can spoil sixty
minute happiness

# ചൂട്

റിൻഷ ഷെറിൻ. പി 9 H

കുട്ടികൾ രാവിലെ മുതൽ കരയുന്നു. അടുപ്പ് പുകയുന്നു. "അവൾ "; ഒരു വ്യത്യാസവുമില്ലാതെ എല്ലാവരേയും ചീത്ത പറയുന്നു.ലോകത്തെല്ലാം ചൂടാണ് മനുഷ്യൻ ഉരുകിപ്പോകുന്ന ചൂട്. എന്നാലിവിടെ, ഇവിടെ മാത്രം ഒരു തരം തണുപ്പ് ; അതെല്ലാവരിലേക്കും പകർന്നിരിക്കുന്നു. ഉമ്മറത്ത് വെറുതെയിരിക്കുന്ന ഭർത്താവിനു നേരെ അവർ ഒരു ഉഗ്രൻ നോട്ടം പായിച്ചു.ആ തീഷ്ണമായ നോട്ടം, താങ്ങാനയാൾക്കാകുമായിരുന്നില്ല. അയാൾ തല തിരിച്ചു കളഞ്ഞു. അയാൾ മുറ്റത്ത് നിന്ന് മണൽ വാരി മുറത്തിലിട്ടു.അതുമായി അദ്ദേഹം അടുക്കളയിലോട്ടു നടന്നു.വെറുതെ പുകയുന്ന അടുപ്പിലേക്ക് മണൽ വാരിയിട്ടു.

# ജീവിതം ഒരു.........

നെഹ്‌ല ജാസ്മിൻ കെ 9 H

ജീവിതം ഒരവസരമാകുന്നു...............നേരിടുക
ജീവിതം സുന്ദരമാണ്...............ആസ്വദിക്കുക

ജീവിതം ഒരു വെല്ലുവിളിയാണ്.........നേരിടുക
ജീവിതം ഒരു സ്വപ്നമാകുന്നു.....യാഥാർത്യമാക്കുക

ജീവിതം ഒരു ജോലിയാണ്............ചെയ്യുക
ജീവിതം  വിലപിടിച്ചതാണ്..........ശ്രദ്ധിക്കുക

ജീവിതം ഒരു കളിയാണ്.............സൂക്ഷിക്കുക
ജീവിതം ഒരു യാത്രയാണ്.........മനസ്സിലാക്കുക

ജീവിതം ഒരു ധനമാണ് ............സൂക്ഷിക്കുക
ജീവിതം ഒരു സ്നേഹമാണ്.......അനുഭവിക്കുക

ജീവിതം ഒരുവാഗ്ദാനമാണ്.......പൂർത്തിയാക്കുക
ജീവിതം ഒരു ഗാനമാണ് ..........ആലപിക്കുക

ജീവിതം ഒരു തടസ്സമാണ്..........തരണം ചെയ്യുക
ജീവിതം ഒരു സാഹസമാണ്......അറിഞ്ഞിരിക്കുക

ജീവിതം ഒരു ഭാഗ്യമാണ്..........കളിക്കുക

# The Falling thoughts

Fathima Farsana PC 9H

The beauty of nature seems to wonder
around the falls
I stand alone where the pure water
Touches the hard rocks
Making a beautiful sound like white milk
falling in in the black stones
The crane with water birds
Dancing with the song of water
The dewdrops in the green grass
are smiling with sunshine

# TRY THIS TONGUE TANGLERS OUT

Rinsha Sherin P 9H

1) A noisy noise annoys on oyster

2) Old oily ollie oils old oily

3) The sixth sick sheiks sixth sheep's sick

4) The skunk sat on a stump the skunk
Thump the stump stunk, but the stump
Thump the skunk stunk

5) A block's back brake -black broke

6) peter piper's practical principles of
plain and perfect



# THE GREEN TREES

Rinsha Sherin P 9H

The trees are covered with green leaves
And the flowers in the trees blossom beautifully
The red pigments in the flowers
Dancing with the bees
On branches of the tree
The birds are sitting and singing
The small kids are laying down the trees
By making heart merry and with full of joy.

സജ്‌ല കെ 10 F

# ഒളിപ്പിച്ച കണ്ണുനീർ

ഉരുകും വേനലിൽ  വരണ്ടു നിൽക്കുമ്പോൾ
ഒരു കുടം മഞ്ഞുമായി നീ വന്നു
പൂക്കാതെ നിന്നിരുന്ന
ചെമ്പക ചില്ലകൾ
ഒന്നായി പൂത്തുലഞ്ഞു
ഒ്ു കുടന്ന ചെമ്പക പൂക്കൾ
കൈകുടന്നയിൽ നിറച്ചു
ഒരുവസന്തം മുഴുവൻ പുഞ്ചിരിയിൽ ഒതുക്കി
നീ നിൽക്കുമ്പോഴും അറിഞ്ഞിരുന്നില്ല
സ്നേഹക്കടൽ അലതല്ലുന്ന
മിഴികളിൽ
ഒളിപ്പിച്ച കടലാഴങ്ങൾ
വിങ്ങുന്ന നെഞ്ചിലെ
നെരിപ്പോടിന്റെ അലകൾ എന്ന്
പിന്നെയെപ്പോഴോ
അറിഞ്ഞപ്പോൾ
ഹൃദയത്തിൽ നിന്നൊരു തേങ്ങൽ ഉയർന്ന്
മിഴിക്കോണിൽ ഒരു നനവായുറഞ്ഞു
തുളസിക്കതിരിന്റെ നൈർമല്ല്യമുള്ള
മാടപ്രാവ് ചെമ്പക ചില്ലയിൽ
കൂടുകൂട്ടി
പരിമളം പരക്കുന്ന രാവിന്റെ യാമങ്ങളിൽ
നിന്റെ കുറുകലിൽ
ശ്രുതി മീട്ടുന്ന ഹൃദ് തന്ത്രികൾ
ഒരുക്കുന്ന
ഹൃദ്യമാം ലയത്തിൽ
അനവരതം ഒഴുകുന്നു
താളത്തിൽ ഒരു നദി
അതിന്റെ കുഞ്ഞോളങ്ങളുടെ കുളിർമയിൽ
സ്വയം അലിഞ്ഞങ്ങിനെ ഞാനും.....

# The Golden Words

Nehla jasmin 9 H



**Five golden words,**

**You always must remember.**

**What are they?**

**They are............**

**Please, sorry, excuse me,**

**Pardon me and thank you !**

**These are golden words**

**We always must remember.**

# കണ്ണീർ തോരാതെ..

സജ്‌ല കെ 10 F

ആത്മാർത്ഥമായ സ്നേഹം നൽകുന്ന സൗഹൃദങ്ങൾ വലിയ ഭാഗ്യമാണ്.ആരായാലും കൊതിക്കുന്നതുമാണ്. കണ്ണാടി നന്നായാൽ ചങ്ങാതി വേണ്ട എന്നാണല്ലോ ചൊല്ല്. മനസ്സും മനസ്സും കൈമാറുന്ന പ്രണയബന്ധങ്ങൾ അങ്ങനെയാണ്.കാപട്യത്തിന്റെ മുഖമില്ലാത്ത വഞ്ചനയുടെ ലാഞ്ചനയില്ലാത്ത മാനദണ്ഡങ്ങളുടെ മാർഗ്ഗമില്ലാതെ അഗാഥമായ വിശ്വാസ ചരടിൽ കോർത്തിണക്കുന്ന സൗഹൃദ മുത്തുകൾ ജീവിതം അർത്ഥപൂർണ്ണമാക്കും.അകലെയായാലും അടുത്തായാലും ഹൃദയ മലർവാടിയിൽ ആ പ്രണയ നാമ്പുകൾ തളിർത്തുകൊണ്ടിരിക്കും. നോവുകൾ കൊണ്ട് കരൾ പിടയുമ്പോൾ കദനകഥകൊണ്ട് കണ്ണുനീർ പേമാരി വർഷിക്കുമ്പോൾ ആ സാന്ത്വന കരങ്ങൾ നമ്മെ തലോടിക്കൊണ്ടിരിക്കും. കത്തിജ്വലിക്കുന്ന മനസ്സിന്റെ അഗ്നി അതോടെ കെട്ടടങ്ങും. പക്ഷെ........ഇവിടെയും.........

വഞ്ചനയുടെ ചില കള്ളനാണയങ്ങൾ കടന്നുവരാറുണ്ട്.കപടനാണയം തിരിച്ചറിയാത്ത നിർമ്മല ഹൃദയങ്ങൾ ആ സൗഹൃദ വലയിൽ അകപ്പെടും.

വഞ്ചനയുടെ കൂരിരുൾ തിങ്ങിയ ആ കപട മുഖം തിരിച്ചറിയുമ്പോൾ, വിരഹവേദനയുടെ മർമത്തിൽ കിടന്ന് പ്രാണവായുവിന് പിടയുന്ന ആ ഹൃദയ വേദന എന്തായിരിക്കും........അസഹനീയം ! .......

# THE FIRST DAY OF SCHOOL

**Binziya K 9E**

The first day of school
Can be hard for mom and Dad.
Part of you feels excited
The other part  feel sad
For many years you've held their hand
And have seen their loving guide.
Now you know the time has come
To leave them by my side
But it is only for a little white
its your child will learn and grow,
They will share with you all they know
So as you walk away
Don't wary any more
I'll take care of all those precious gifts
When you leave them at my door.

# അമ്മ


ഖദീജത്തുൽകുബ്റ 9 E



മനുഷ്യന്റെ ആദ്യ ഗുരുവാണ്
ദൈവത്തിന്റെ മാലാഖയാണ്
ജീവിച്ചിരിക്കുന്ന ദൈവമാണ്
സ്നേഹത്തിന്റെ കെടാവിളക്കാണ്
അനശ്വരതയുടെ വറ്റാത്ത കണ്ണുനീരാണ്
കാരുണ്യത്തിന്റെ കടാക്ഷമാണ്
ഹൃദയത്തിൽ മാധുര്യമേറ്റിയ
കാരണ്യദീപമാണ്
ഒരായുസ്സ് മുഴുവൻ മക്കൾക്കായി
സമർപ്പിച്ച ജീവനാണ്
മറക്കാനാകുമോ ഈ സ്ന്ഹദീപത്തെ
ഈ ആത്മഹർഷത്തെ
ഈ സൗരഭ്യ മലരിനെ
ഈ അതുല്യ സമ്പത്തിനെ

## വരകൾ



# നന്ദി....

**അനുയാത്രക്ക്**
**താൽക്കാലികമായി വിരാമം ...**
**പിന്തുണച്ചവർ,സഹായിച്ചവർ**
**ലിറ്റിൽകൈറ്റ്സ് എല്ലാവർക്കും**
**ഹൃദ്യമായ നന്ദി......**

**എഡിറ്റർ**